# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2940     07.11.2019 -ൽ മറുപടിക്ക്**

**പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.സി.ജോർജ്** | : | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ സുതാര്യമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും ഗുണമേന്മ പരിശോധന ഉറപ്പാക്കുവാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്നറിയുന്നതിന് ഗുണനിലവാര പരിശോധന വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ജില്ലാ തലത്തിലുള്ള ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തിരമാണ് നടത്തുന്നത്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു. 15 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ പണം നൽകുന്നതിന് I[st] tier ഗുണനിലവാര പരിശോധനാ റിപ്പോർട്ട് നിർബന്ധമാണ്. കൂടാതെ II[nd] tier ഗുണനിലവാര പരിശോധനാ റിപ്പോർട്ടും പരിഗണിച്ചാണ് ബിൽ തുക നൽകുന്നത്. ജില്ലാതല |

| | | | |
|---|---|---|---|
| | | | ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതാത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ് വിജിലൻസ് എന്നിവരും അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പാക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തിൽ അധികമായി 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും കൂടാതെ ജില്ലാതല ക്വാളിറ്റി കൺട്രോൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുമുണ്ട്. സർക്കാർ നടപ്പിലാക്കിയ സോഷ്യൽ ആഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും അഴിമതിയും ക്രമക്കേടുകളും ഒരു പരിധിവരെ കുറയ്ക്കുന്നതിനും സഹായിച്ചിട്ടുണ്ട്. |

RKL

**സെക്ഷൻ ഓഫീസർ**